പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1720 — 03.10.2011-ൽ മറുപടിയ്ക്ക്

## നാനോ കമ്പനി

**ചോദ്യം**

ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.വി.ശശി

(എ) പൊതുജനങ്ങളെ കബളിപ്പിച്ച് നാനോ എന്ന കമ്പനി എത്ര കോടി രൂപയുടെ വികിരണ ഉൽപ്പന്നങ്ങൾ സംസ്ഥാനത്ത് വിറ്റഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനി സംസ്ഥാനത്ത് നികുതി വെട്ടിപ്പ് നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ നികുതി വെട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത നികുതി വെട്ടിപ്പിനെ സംബന്ധിച്ച് നികുതി വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നികുതി വകുപ്പ് എത്ര രൂപയുടെ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട് ;

**മറുപടി**

ശ്രീ.കെ.എം.മാണി
( ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) നാനോ എക്സൽ കമ്പനി ലിമിറ്റഡ്, തൃശൂർ എന്ന സ്ഥാപനത്തിന്റെ വിറ്റു വരവ് താഴെ ചേർക്കും പ്രകാരമാണ്.

| വർഷം | വിറ്റു വരവ് തുക |
|---|---|
| 2008-2009 | 1,02,33,460/- |
| 2009-2010 | 1,10,30,60,815/- |
| 2010-2011 | 6,76,53,722/- |

(ബി) & (സി) നാനോ എക്സൽ കമ്പനി ലിമിറ്റഡ്, തൃശൂർ എന്ന സ്ഥാപനം നികുതിയിനത്തിൽ 7,00,68,469/- രൂപയും സർചാർജ് ഇനത്തിൽ 70,00,000/- രൂപയും വെട്ടിപ്പ് നടത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(......2)

| | | | |
|---|---|---|---|
| (ഡി) | അന്വേഷണം നടത്തുന്നതിന് നികുതി വകുപ്പിൽ നിന്നും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ് ; പ്രസ്തുത ഉദ്യോഗസ്ഥനെതിരെ കൈക്കൂലി ആരോപണം ഉണ്ടായിട്ടുണ്ടോ ; | (ഡി) | ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഇപ്രകാരം നികുതി വെട്ടിപ്പ് കണ്ടെത്തിയതും അത് തിട്ടപ്പെടുത്തിയതും, മൂല്യ വർദ്ധിത നികുതി നിയമപ്രകാരമുള്ള പ്രക്രിയകൾ പൂർത്തിയാക്കി കമ്പനിയിൽ നിന്നും നികുതി അടപ്പിച്ചതും. എറണാകുളം ഡെപ്യൂട്ടി കമ്മിഷണർ (ഇന്റലിജൻസ്) ന്റെ മേൽനോട്ടത്തിലുള്ള ഇന്റലിജൻസ് വിഭാഗമാണ് നികുതി വെട്ടിപ്പ് കണ്ടെത്തിയത്. ഇന്റലിജൻസ് വിഭാഗത്തിൽ തൃശൂർ ജില്ലയുടെ മേൽനോട്ടമുള്ള ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്) ആയ ശ്രീ.വി.ജയനന്ദകുമാറിന് കൈക്കൂലി നൽകി എന്ന് നാനോ എക്സൽ കമ്പനിയുടെ ഡയറക്ടർ മൊഴി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഇ) | പ്രസ്തുത വിഷയത്തെ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | ഇത് സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവായിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ നടത്തിയ വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കൃത്യ നിർവ്വഹണത്തിൽ പ്രഥമദൃഷ്ട്യാ വീഴ്ച വരുത്തിയ 6 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ